(എ) സംസ്ഥാനത്തെ സ്വകാര്യ പ്രൊഫഷണൽ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ എഞ്ചിനീയറിംഗ് കോഴ്സിന് മാനേജ്മെന്റ് കോട്ട യിലേക്ക് പ്രവേശന പരീക്ഷ നടത്തുകയുണ്ടായോ;

(ബി) എഞ്ചിനീയറിംഗ് കോഴ്സിന് മാനേജ്മെന്റ് കോട്ടയിൽ പ്രവേശനം ലഭിക്കുന്നതിനായി മൊത്തം എത്ര അപേക്ഷകൾ ലഭിക്കുകയുണ്ടായി; ഓരോ കോളേജിന്റെയും അടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ;

(സി) ഈ അപേക്ഷകരിൽ ഓരോ കോളേജിലും എത്ര പേർക്ക് പ്രവേശനം നൽകുകയുണ്ടായി;

(ഡി) പ്രവേശന പരീക്ഷ നടത്തിയ ഏജൻസി ഏതായിരുന്നു;

(ഇ) സർക്കാർ തീരുമാനിച്ചതിലധികം തുക ഏതെങ്കിലും മാനേജ്മെന്റ് വിദ്യാർത്ഥികളിൽ നിന്നും അധികമായി ഈടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 28 കോളേജുകളടങ്ങിയ ഒരു കൺസോർഷ്യം 26-6-2005-ന് പരീക്ഷ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)—(ഇ) മാനേജ്മെന്റ് സീറ്റ് പ്രവേശനം എൻട്രൻസ് പരീക്ഷാ കമ്മീഷണ റുടെ ഓഫീസ് മുഖേനയല്ല നടത്തുന്നത്. ആയതിനാൽ ഇതു സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഗ്രേഡിംഗ് സമ്പ്രദായത്തിന്റെ പുരോഗതി

117 [700] *ശ്രീ. വി. കെ. സി. മമ്മത്കോയ:*

,, *രാജു എബ്രഹാം:*

,, *ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ അദ്ധ്യയന വർഷം നടപ്പിലാക്കിയ ഗ്രേഡിംഗിന്റെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഗ്രേഡിംഗ് സംബന്ധിച്ച് ക്വാളിറ്റി ഇംപ്രൂവ്മെന്റ് കമ്മിറ്റി യോഗം എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണ്;

(ഡി) ഈ തീരുമാനങ്ങൾ എന്നുമുതൽ നടപ്പിലാക്കുമെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഗ്രേഡിംഗ് പരീക്ഷയിലൂടെ വിജയികളായ കുട്ടികൾക്ക് ഉപരിപഠനത്തിന് ചില സാങ്കേതിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അവ പരഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2004-2005 വർഷം നടപ്പിലാക്കിയ ഗ്രേഡിംഗിന്റെ പുരോഗതിയുടെ ഭാഗമായി 8, 9, 10 എന്നീ ക്ലാസ്സുകളിലെ നിരന്തര മൂല്യനിർണ്ണയ ഉപാധികളുടെ കാര്യക്ഷമമായ നടത്തിപ്പിന് താഴെപ്പറയും പ്രകാരം മാറ്റം വരുത്തിയിട്ടുണ്ട്:

1. 10-ാം ക്ലാസ്സിലെ നിരന്തര മൂല്യനിർണ്ണയ ഉപാധികളുടെ എണ്ണം 26 ആയി കുറച്ചു.

2. 9-ാം ക്ലാസ്സിൽ നിരന്തര മൂല്യനിർണ്ണയ ഉപാധികൾ 26 ആയും 8-ാം ക്ലാസ്സിൽ 17 ആയും നിജപ്പെടുത്തി.

(ബി)—(ഡി) ഉണ്ട്. യോഗതീരുമാനങ്ങൾ താഴെ കാണുന്ന രീതിയിൽ നടപ്പിലാക്കിവരുന്നു. 9, 10 ക്ലാസ്സുകളിലെ അദ്ധ്യാപകർക്കുള്ള പരിശീലനം 31-5-2005-നു തന്നെ പൂർത്തിയാക്കണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 35850 അദ്ധ്യാപകർക്ക് അവധിക്കാലത്തുതന്നെ ദ്വിദിന പരിശീലനം നൽകി. ലൂസേഴ്സ് ട്രെയിനിംഗ് ജൂലൈ മാസത്തിൽ തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിരന്തര മൂല്യനിർണ്ണയം പുനഃക്രമീകരിക്കുന്നതിന് തീരുമാനമെടുക്കുകയും അതനുസരിച്ച് പുനഃക്രമീകരണം നടത്തുകയും "പഠനം വിലയിരുത്താനുള്ള മാർഗ്ഗരേഖ" എന്ന കൈ പുസ്തകം തയ്യാറാക്കി അച്ചടിച്ച് എല്ലാ ഹൈസ്കൂൾ അദ്ധ്യാപകർക്കും ഓരോ പ്രതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 8, 9, 10 ക്ലാസ്സുകളിലേക്കുള്ള വിശദമായ സ്കീം ഓഫ് വർക്ക് തയ്യാറാക്കി അച്ചടിച്ച് എല്ലാ സ്കൂളുകളിലേക്കും ഓരോ പ്രതിവീതം വിതരണം നടത്തിയിട്ടുണ്ട്.

ഗ്രേഡിംഗ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിന്റെ ഭാഗമായി 8-ാം ക്ലാസ്സിലെ അദ്ധ്യാപകർക്കു മാത്രമായി പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. ഈ പരിശീലന പരിപാടി വിവിധ ജില്ലകളിൽ നടന്നുവരുന്നു.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly